ബ്രീഡ് അവധി

* 209. [736] ശ്രീ. സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

ഈ കഴിഞ്ഞ ബ്രീഡ് പ്രമാണിച്ച് ഫെബ്രുവരി 16, 17–ാം തീയതികളും ഗവൺമെന്റു അവധിയായി പ്രഖ്യാപിച്ചിട്ടും ഏതാനും സ്കൂളുകളും 16–ാം തീയതി തുറന്നു പ്രവർത്തിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ചില പരാതികളും ലഭിച്ചിട്ടുണ്ട്.

ശ്രീ. സി. എം. കുട്ടി: ഈ പരാതിയിൻമേൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എടുക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട ആളുകൾക്ക് എഴുതിയിട്ടുണ്ട്.

ഫുഡ്കോർപ്പറേഷൻ ചുമട്ടുതൊഴിലാളികൾ

* 210. (737) ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് കോർപ്പറേഷൻ കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള ഡിപ്പോകളിലെ ചുമട്ടുതൊഴിലാളികൾക്കു ജോലിസ്ഥിരത, പ്രോവിഡണ്ട്ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിന്, സർക്കാർ നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവരുടെ യൂണിയനുകൾ ഇതേക്കുറിച്ച് സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ ആൻഡ് ബി) ഈ കാര്യം ഗവൺമെന്റു പരിഗണിച്ചുവരികയാണ്.

ശ്രീ. കെ. കെ. കുമാരപിള്ള: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ പ്രശ്നത്തെക്കുറിച്ച് ഒരു ഉന്നതതല കാൺഫറൻസ് നടത്തുകയും അതു പരിഗണിച്ചു വരുന്നതായും അന്നത്തെ വകുപ്പുമന്ത്രി പറയുകയുണ്ടായിട്ടുണ്ട്. ഇന്നും ആ പരിഗണനയാണോ ഉള്ളതെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: എല്ലാ ആവശ്യവും പരിശോധിച്ച് കഴിയുന്നതും വേഗംതന്നെ തീരുമാനമെടുക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: കേഷ്യധാന്യ മൊത്ത വ്യാപാരം ജില്ലാ തലസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന താലൂക്കുകളിലേക്കു ഫുഡ് കോർപ്പറേഷനു ഗവൺമെന്റു വിട്ടുകൊടുത്തിട്ടുണ്ട്. ഇവിടെ പ്രൈവറ്റ് ഹോൾസെയിൽ ഡിപ്പോകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ഇന്നു ജോലിയും മറ്റു തൊഴിൽ വേതനവും ഇല്ലാത്ത സ്ഥിതിയാണ്. ഇതേപ്പറ്റി പല നിവേദനങ്ങളും മെമ്മോറാണ്ടങ്ങളും ഗവൺമെന്റിലേക്കു സമർപ്പിച്ചിട്ടുണ്ട്. അവർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനും അവർക്ക് ജീവിക്കാനുള്ള വരു

LIBRARY ARCHIVES Kerala Legislative Assembly

മാനം ഉണ്ടാക്കിക്കൊടുക്കുന്നതിനും വല്ല നടപടിയും എടുത്തിട്ടുണ്ടോ; ഇതേപ്പറ്റി എന്തു നടപടി എടുക്കാൻ ഉദ്ദേശിക്കുന്നു?

ശ്രീ. പി. രവീന്ദ്രൻ: ഈ കാര്യങ്ങളെസംബന്ധിച്ചെല്ലാം ഗവണ്മെന്റിനു നിവേദനം ധാരാളം ലഭിച്ചിട്ടുണ്ട്. അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് പാർട്ടി മെമ്പറൻമാരുമായി ആലോചിച്ചുതന്നെ ഒരു തീരുമാനം എടുക്കുന്നതാണ്.

ശ്രീ. പി. എസ്. നമ്പൂതിരി: കോർപ്പറേഷന്റെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ്ഫണ്ടും സംസ്ഥാനഗവൺമെന്റാണോ ഫുഡ് കോർപ്പറേഷനാണോ നിശ്ചയിക്കുന്നത്. നമ്മുടെ ഗവൺമെന്റ് തീരുമാനമെടുത്താൽ മതിയോ; കോർപ്പറേഷൻ ആലോചിക്കേണ്ടതാണോ?

ശ്രീ. പി. രവീന്ദ്രൻ: തീരുമാനമെടുക്കേണ്ടത് ആരാണെന്ന കാര്യത്തെക്കുറിച്ചുകൂടിയാണ് പരിശോധിച്ചുകൊണ്ടിരിക്കുന്നത്. ഫുഡ് കോർപ്പറേഷനാണു തീരുമാനമെടുക്കുന്നതെങ്കിൽ അവരെ പ്രേരിപ്പിക്കാൻകഴിയും. അതുകൊണ്ടാണു പറഞ്ഞത് എല്ലാ ആവശ്യങ്ങളെസംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുന്നതാണെന്ന്.

ശ്രീ. പി. ഗംഗാധരൻ: ഫുഡ് കോർപ്പറേഷനിലെ തൊഴിലാളികളുടെ പ്രശ്നം ഇവിടെ ഗവൺമെന്റിൽ നിവേദനം നടത്തുകയും അതിനെസംബന്ധിച്ചു പരിശോധിക്കുകയും ഫുഡ് കോർപ്പറേഷൻ പ്രതിനിധികളും, ഗവൺമെന്റിന്റെ പ്രതിനിധികളും, കോർപ്പറേഷന്റെ പ്രതിനിധികളുമായി പലതവണ കോൺഫറൻസ് നടത്തി തീരുമാനം എടുത്തിട്ടുമുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമെന്നു തോന്നുന്നു. ഈ തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പരാമർശിക്കുകയും അതിനെസംബന്ധിച്ചു ശരിയാണെന്നു സമ്മതിക്കുകയും ചെയ്തു. പക്ഷേ ഇതു നടപ്പിൽ വരാതിരിക്കുന്നത് ഫുഡ് കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള ലംഘനംകൊണ്ടാണെന്നു മനസ്സിലാക്കിയിട്ടുണ്ടോ; അതു പരിശോധിച്ചു തിരുത്തുന്നതിനുവേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാകാര്യങ്ങളും ഗവൺമെന്റു പരിശോധിക്കാം. ഇതിൽ എന്തെല്ലാം കാര്യങ്ങൾ ഗവൺമെന്റ് അടിയന്തിരമായി തീരുമാനം എടുക്കേണ്ടതുണ്ടോ അതിനെസംബന്ധിച്ചെല്ലാം ഊർജിതമായ നടപടികൾ നടത്താൻ ഗവൺമെന്റു ഒരുക്കമാണ്.

ശ്രീ. എ. വി. ആര്യൻ: തൃശ്ശൂരിൽ മുളംകുന്നത്തുകാവിൽ സൈഡിംഗ് വന്നതിന്റെ ഫലമായിട്ട് തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ ജോലി ചെയ്തിരുന്ന ഫുഡ് കോർപ്പറേഷൻ തൊഴിലാളികളിൽ 118 പേർക്ക് തൊഴിലില്ലാതായിട്ടുണ്ട്. അവർക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള എന്തെങ്കിലും സാഹചര്യം കിട്ടണമെന്നു പറഞ്ഞ് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ ഒരു നിവേദനം കിട്ടിയതായി രേഖകളിൽ കാണുന്നില്ല. പരിശോധിച്ചുനോക്കാം.

ശ്രീ. കെ. കരുണാകരൻ: ഫുഡ് കോർപ്പറേഷന്റെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ അവർ കരാറുകാരണെന്നു പറഞ്ഞു തൊഴിൽ നിഷേധിക്കുന്ന വ്യവസ്ഥിതി നിലവിലുള്ളത് പുനഃപരിശോധിക്കാനും അതി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാതാക്കാനും വേണ്ട നടപടി എടുക്കണമെന്ന് ഫുഡ് കോർപ്പറേഷനോടു ആവശ്യപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ മറുപടി എന്താണ്?

ശ്രീ. പി. രവീന്ദ്രൻ: അതിനെസംബന്ധിച്ച് ഫുഡ് കോർപ്പറേഷന്റെ മറുപടി ലഭിച്ചിട്ടില്ല. ഇതിനെപ്പറ്റി ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എം. സദാശിവൻ: ചാല സബ് ഡിപ്പോയിൽനിന്നും ജോലി നിഷേധിക്കുകയും അങ്ങനെ ജോലി നിഷേധിക്കപ്പെട്ടവർ വീണ്ടും ജോലി വേണമെന്നാവശ്യപ്പെട്ടപ്പോൾ അവരെ പോലീസു മർദ്ദിക്കുകയും ചെയ്തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. വി. ശ്രീധർ: ചാല ചുമട്ടുതൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് ഡി. എസ്. ഒ. ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയതിൽ ഡിസ്ട്രിക്ടു കളക്ടറുടെ നിർദ്ദേശപ്രകാരം മാറ്റി വയ്ക്കുകയും അതിനെത്തുടർന്നു തൊഴിലാളികളും പിക്കറ്റുചെയ്യാൻ നിർബന്ധിതരാവുകയും ചെയ്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഈ പ്രശ്നത്തെസംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങളും പ്രത്യേകം നോട്ടീസു കൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. വി. ശ്രീധർ: ഈ പ്രശ്നം പരിഹരിക്കുന്നതിന് ഡി. എസ്. ഒ. യെക്കൊണ്ട് വീണ്ടും ഒരു കോൺഫറൻസ് വിളിച്ചു കൂട്ടി ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അതു ആലോചിക്കാവുന്നതാണ്.

ശ്രീ. ബി. മാധവൻനായർ: ചാല ഫുഡ് കോർപ്പറേഷനിലെ തൊഴിലാളികളെ പിരിച്ചുവിട്ടിട്ടില്ല. വെറുതെ ചോദ്യം ചോദിക്കുന്നതാണ്. അതും കൂടി പരിശോധിക്കാൻ ഗവൺമെന്റു തയ്യാറാകുമോ? അതുപോലെതന്നെ തന്നെ ഫുഡ് കോർപ്പറേഷനിലെ തൊഴിലാളികളെ സംബന്ധിച്ച് ഫുഡ് കോർപ്പറേഷനും യൂണിയനുമായി ഗവൺമെന്റു ഒരു കോൺഫറൻസു വിളിച്ചുകൂട്ടുകയും ആ കോൺഫറൻസിൽ വച്ച് തൊഴിലാളികളുടെ പ്രോവിഡൻറ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയവയെസംബന്ധിച്ച് ഒരു ഒത്തുതീർപ്പു വ്യവസ്ഥയിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉടമ്പടി നടപ്പിൽ വരുത്തുതിന് എന്താണ് കാലതാമസം വരുത്തുന്നത്. അതു നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഫുഡ് കോർപ്പറേഷന്റെ എല്ലാ ഡിപ്പോകളിലുമുള്ള തൊഴിലാളികളെ പൊതുവെ ബാധിക്കുന്നതാണ്. പ്രത്യേകം നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല. എന്തെങ്കിലും കാര്യമുണ്ടോ എന്നു പരിശോധിച്ചുനോക്കാം.

(ii) WRITTEN ANSWERS

വികസന പദ്ധതികൾക്ക് കടം ലഭിക്കാനുള്ള സാദ്ധ്യത

211. (740) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തിന് ഇപ്പോഴുള്ള മൊത്തം കട ബാദ്ധ്യത എത്രയാണ്;

LIBRARY ARCHIVES.Kerala.Legislative.Assembly.